പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2868 29-10-2026-ൽ മറുപടിയ്ക്ക്

കെ.എസ്.ടി.പി. റോഡ് നിർമ്മാണ പ്രവൃത്തികളിലെ ക്രമക്കേടുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. പാറക്കൽ അബ്ദുല്ല	ശ്രീ. പി. കെ. ബഷീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) മഹാപ്രളയങ്ങൾക്ക് ശേഷമുള്ള പുനർനിർമ്മാണത്തിനായി ആരംഭിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ കെ.എസ്.ടി.പി. മുഖേന നടപ്പാക്കിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ക്രമക്കേടുകൾ നടന്നതായി സി.എ.ജി. കണ്ടെത്തിയിട്ടുണ്ടോ;

മറുപടി: റീ ബിൽഡ് കേരള ഇനിഷേറ്റീവ് പദ്ധതിയിൽ കെ.എസ്.ടി.പി മുഖേന നടപ്പാക്കിയ താഴെ പറയുന്ന റോഡ് പ്രവൃത്തികളാണ് സി.എ.ജി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടിരിക്കുന്നത്.

1. എരഞ്ഞിമാവ്–എടവണ്ണ റോഡ് 2. കുമ്പള - മുള്ളേരിയ റോഡ് 3. കൊയിലാണ്ടി–താമരശ്ശേരി–മുക്കം റോഡ് 4. ആലപ്പുഴ–ചങ്ങനാശ്ശേരി റോഡ് 5. മാനന്തവാടി–പെരിയ റോഡ് 6. ഉരുവച്ചാൽ–മരുത്തായി റോഡ് 7. വൈത്തിരി–തരുവണ്ണ റോഡ് 8. ഗാന്ധിനഗർ–മെഡിക്കൽ കോളേജ് 9. തട്ടാരമ്പലം–മിച്ചൽ ജംഗ്ഷൻ 10. വടയാർ–ചന്തപ്പാലം റോഡ്.

(ബി) എങ്കിൽ ഏതൊക്കെ റോഡ് പ്രവൃത്തികളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രസ്തുത പദ്ധതികളിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

മറുപടി: പദ്ധതി ആസൂത്രണം, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ, രൂപകൽപ്പന എന്നിവയിലെ അപാകതകൾ, ടെൻഡർ നടപടികളിലും കരാർ രേഖകൾ തയ്യാറാക്കുന്നതിലും വ്യവസ്ഥകൾ പാലിക്കുന്നതിലുമുള്ള വീഴ്ചകൾ, കരാർ മാനേജ്മെന്റിലും പ്രവൃത്തികളുടെ നിർവഹണത്തിലും മേൽനോട്ടത്തിലുമുണ്ടായ കണ്ടെത്തലുകൾ, നികുതി, ബോണസ്, വിലവ്യതിയാനം, പലിശ എന്നിവയുമായി ബന്ധപ്പെട്ട സാമ്പത്തിക അധികചെലവുകൾ, കരാർ വ്യവസ്ഥകൾ നടപ്പാക്കുന്നതിലും നിർബന്ധിത സൗകര്യങ്ങൾ ഉറപ്പാക്കുന്നതിലുമുണ്ടായ വീഴ്ചകൾ തുടങ്ങിയ നിരീക്ഷണങ്ങളാണ് സി.എ.ജി. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ